**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **3608** | 12.12.2014 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി വർക്കർ/ ഹെൽപ്പറിന്റെ ആത്മഹത്യ** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) മലപ്പുറം ജില്ലയിൽ സാമൂഹിക നീതി വകുപ്പിലെ അംഗൻവാടിയിൽ ജോലി ചെയ്തിരുന്ന വർക്കറോ ഹെൽപ്പറോ ഈ വർഷം ആത്മഹത്യ ചെയ്തിട്ടുണ്ടോ; | (എ) വണ്ടൂർ ഐ.സി.ഡി.എസ് പ്രോജക്ടിലെ ഒരു അങ്കണവാടി വർക്കർ ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത ആത്മഹത്യയ്ക്ക് കാരണമായത് ഐ.സി.ഡി.എസ്. സൂപ്പർ വൈസറുടെ മാനസിക പീഡനം മൂലമായിരുന്നു എന്ന ആരോപണം ബഹു.മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പത്ര മാധ്യമങ്ങളിലൂടെയും, മലപ്പുറം പ്രോഗ്രാം ഓഫീസറുടെ റിപ്പോർട്ട് പ്രകാരവും ആരോപണം സാമൂഹ്യനീതി ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇതു സംബന്ധിച്ച് ഏതെങ്കിലും പരാതികൾ സർക്കാരിനോ, വകുപ്പിനോ ലഭിച്ചിട്ടുണ്ടോ; | (സി) രേഖാമൂലം പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) എങ്കിൽ കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാരിയെന്ന് ആരോപണവിധേയയായ വണ്ടൂർ ഐ.സി.ഡി.എസ് പ്രോജക്ടിലെ സൂപ്പർവൈസറായ ശ്രീമതി.ടി.സി.പി.ജാസ്മിനെതിരെ വകുപ്പ് തലത്തിൽ നടത്തിയ അന്വേഷണത്തിൽ ടിയാൾ കുറ്റക്കാരിയാണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എങ്കിലും ആരോപണം നിലനിൽക്കുന്ന സാഹചര്യത്തിൽ ടിയാളെ സാമൂഹ്യനീതി ഡയറക്ടറുടെ 10.10.2014 - ലെ ഇ5-33464/14 നമ്പർ ഉത്തരവ് പ്രകാരം ചൊവ്വന്നൂർ അഡീഷണൽ പ്രോജക്ടിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. |
| (ഇ) ആർക്കെതിരെയാണ് പരാതി ലഭിച്ചിട്ടുള്ളത്; അവരുടെ ഓഫീസും തസ്തികയും വിശദമാക്കുമോ? | (ഇ) ആർക്കെതിരെയും പരാതി ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**